പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 1247

20.01.2014 -ൽ മറുപടി നൽകേണ്ടത്

## റാന്നി സർക്കാർ ഐ.റ്റി.ഐ, അയിരൂർ ഐ.എച്ച്.ആർ.ഡി. അപ്ലൈയ്ഡ് കോളേജ് എന്നിവയ്ക്കുള്ള സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റാന്നി സർക്കാർ ഐ.റ്റി.ഐ, അയിരൂർ ഐ.എച്ച്.ആർ.ഡി. അപ്ലൈയ്ഡ് കോളേജ് എന്നിവയ്ക്കുവേണ്ടി പമ്പ ഇറിഗേഷൻ പ്രോജക്ടിനായി ഏറ്റെടുത്ത സ്ഥലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം വിട്ടുനൽകുന്നതിനായി സ്ഥലം അളന്നുതിരിച്ച നൽകുന്നതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് എന്നാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പി.ഐ.പി. വക സ്ഥലം ഐ.എ.ച്ച്.ആർ.ഡി.ക്ക് അപ്ലൈയ്ഡ് കോളേജിനു വേണ്ടി നൽകുന്നതുമായി ബന്ധപ്പെട്ട് 19.07.2013- ലാണ് നിർദ്ദേശം നൽകിയത്. |
| (ബി) പ്രസ്തുത നിർദ്ദേശപ്രകാരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത വസ്തുക്കൾ അളന്നുതിരിച്ച് നൽകുന്നതിന് എന്നാണ് റാന്നി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; റാന്നി തഹസിൽദാർ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത വസ്തുക്കൾ അളന്നുതിരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; പ്രസ്തുത വസ്തുക്കൾ അളന്നുതിരിച്ച് വിവരം സർക്കാരിലേക്ക് നൽകാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഭൂമി കൈമാറുന്നതിനായുള്ള നിർദ്ദേശം 19.08.2013 ൽ റാന്നി തഹസീൽദാർക്ക് നൽകിയെങ്കിലും സ്ഥലം കാട് പിടിച്ച കിടന്നിരുന്നതിനാൽ അളന്ന് തിരിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഗ്രാമപഞ്ചായത്ത് മുഖേന കാട് വെട്ടിമാറ്റി സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനായുള്ള അപേക്ഷയിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്ന കാര്യത്തിൽ മന:പൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതാണ്. |
| (ഡി) എത്ര നാളുകൾക്കകം വസ്തു അളന്നുതിരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ? | (ഡി) എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ